No.CEE/500/2018/5LLB-2018/TA2

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## 2018-19 ലെ ഇന്റഗ്രേറ്റഡ് പഞ്ചവൽസര എൽ.എൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരളത്തിലെ നാല് സർക്കാർ ലോ കോളേജുകളിലേയും സംസ്ഥാന സർക്കാരുമായി സീറ്റ് പങ്കിടുന്ന സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2018-19 അദ്ധ്യയന വർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ എൽ.ബി. കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

അപേക്ഷാർത്ഥി ഇന്ത്യൻ പൗരൻ ആയിരിക്കണം. കേരള ഹയർ സെക്കന്ററി പരീക്ഷയോ, തത്തുല്യമായ മറ്റേതെങ്കിലും □പരീക്ഷയോ, **45%** മാർക്കോടെ പാസായിരിക്കണം. സാമൂഹിക മായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന (എസ്.ഇ.ബി.സി) വിഭാഗങ്ങൾക്ക് **42%** മാർക്കും പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് **40%** മാർക്കും മതിയാകും.

31.12.2018 ന് 17 വയസ്സ് പൂർത്തിയാകുന്നവർക്ക് അപേക്ഷിക്കാം. 2018-19 ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ എൽ.ബി. പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കുവാനുള്ള ഉയർന്ന പ്രായ പരിധി ബഹു. സുപ്രീം കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയമായിരിക്കും.

തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ വച്ച് **29.07.2018 (ഞായറാഴ്ച)** പരീക്ഷ നടത്തുന്നതാണ്. ഇതിനായി **27.06.2018** മുതൽ **06.07.2018** വൈകുന്നേരം **5** മണി വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

അപേക്ഷാ ഫീസ് ജനറൽ/എസ്.ഇ.ബി.സി വിഭാഗത്തിന് **600/-** രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് **300/-** രൂപയും ആണ്. അപേക്ഷാ ഫീസ് ഓൺലൈൻ പേയ്മെന്റ് വഴിയോ ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഇ-ചെലാൻ ഉപയോഗിച്ച് കേരളത്തിലെ ഏതെങ്കിലും ഹെഡ്/സബ് പോസ്റ്റോഫീസ് മുഖേനയോ ഒടുക്കാവുന്നതാണ്.

പ്രവേശന പരീക്ഷയുടെ വിശദാംശങ്ങൾ അടങ്ങുന്ന പ്രോസ്പെക്ടസും വിജ്ഞാപനവും www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**തിരുവനന്തപുരം**

**25.06.2018**

**പ്രവേശന പരീക്ഷാ കമ്മീഷണർ**